Malayala Manorama 15-10-18, P-3

# 18:18:18 വളം നിരോധനം: പ്രളയശേഷം കർഷകർക്കു പുതിയ തിരിച്ചടി

## നിരോധനം നീക്കണമെന്ന കോടതിവിധി നടപ്പാക്കിയില്ല

തൃശൂർ ● നെല്ല്, റബർ, വാഴ, കേര കർഷകർ ഏറ്റവും കൂടുതൽ ഉപയോഗിക്കുന്ന വളം മിശ്രിതമായ 18:18:18 എൻപികെ (നൈട്രജൻ, ഫോസ്ഫറസ്, പൊട്ടാഷ്) ഉൽപാദനവും വിൽപനയും നിരോധിക്കാൻ കൃഷിവകുപ്പു നടത്തുന്ന നീക്കം മൂലം കർഷകർ ആശങ്കയിൽ. ഉൽപാദക കമ്പനികൾക്കു നൽകിയിരുന്ന ലൈസൻസ് റദ്ദാക്കി. ഇതറിഞ്ഞതോടെ വളം കമ്പനികളിൽനിന്നു പരമാവധി വാങ്ങി സ്റ്റോക്ക് ചെയ്യുകയാണു കർഷകർ. ചെറുകിട കർഷകർക്കാവട്ടെ ഇതു കിട്ടുന്നുമില്ല. നിരോധനം നീക്കണമെന്നു കോടതി ഉത്തരവിട്ടെങ്കിലും സർക്കാർ ഇതുവരെ നടപ്പാക്കിയില്ല.

സാംപിൾ പരിശോധനയിൽ നിലവാരം കണ്ടെത്താനായില്ലെന്നതാണു കൃഷിവകുപ്പ് ഡയറക്ടർ നടപടിയെടുക്കാനുള്ള കാരണം. വൻകിട കമ്പനികളുടേതടക്കമുള്ള സാംപിളുകൾ പരിശോധിക്കുകയോ ഗുണനിലവാരം അളക്കുകയോ ചെയ്തിട്ടില്ല. പ്രാദേശിക വളം നിർമാതാക്കൾ വിതരണം ചെയ്ത സാംപിളാണു പരിശോധിച്ചതെന്നാണു വളം വിതരണക്കാരുടെ ആരോപണം. ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനു പകരം വളം പൂർണമായും വിപണിയിൽനിന്നു പിൻവലിക്കുന്നതു പ്രളയാനന്തരം പച്ചപിടിക്കാനുള്ള കർഷകർക്കു തിരിച്ചടിയാവുമെന്നാണു കർഷക സംഘങ്ങളുടെ വിലയിരുത്തൽ.

കർഷകർ വ്യാപകമായി ഉപയോഗിക്കുന്നതിനാൽ കേന്ദ്ര സർക്കാർ 50 ശതമാനം സബ്സിഡി നൽകുന്നുണ്ട്. നൈട്രജനും ഫോസ്ഫറസും പൊട്ടാഷും പ്രത്യേകം വാങ്ങണമെങ്കിൽ കർഷകർ ഇരട്ടിയിലേറെ തുക ചെലവിടേണ്ടി വരും.

വളം നിരോധിച്ചതിനെതിരെ ചില ഉൽപാദകർ ഹൈക്കോടതിയെ സമീപിച്ചിരുന്നു. മുൻകൂട്ടി നോട്ടിസ് നൽകാതെ നടത്തിയ നിരോധനം നിലനിൽക്കില്ലെന്നും പരാതി നൽകിയ കമ്പനികൾക്ക് ഉൽപാദനത്തിനും വിതരണത്തിനും സാഹചര്യമൊരുക്കാൻ സർക്കാർ ശ്രമിക്കണമെന്നും കോടതി വിധിച്ചിരുന്നു. വിധി നടപ്പാക്കാൻ സർക്കാരിനു കോടതി നൽകിയ കാലാവധി ഉടൻ അവസാനിക്കും.